**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5788**

**28.03.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കാസർഗോഡ് ജില്ലയിലെ വ്യാജപാസ്പോർട്ടുമായി ബന്ധപ്പെട്ട കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

(എ) കാസർഗോഡ് ജില്ലയിൽ വ്യാജ പാസ്പോർട്ടുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ വ്യാജപാസ്പോർട്ടുമായി ബന്ധപ്പെട്ട് 27 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പോലീസ് സ്റ്റേഷൻ | കേസുകളുടെ എണ്ണം |
|---|---|---|
| 1 | ബേഡകം | 1 |
| 2 | കാസർഗോഡ് | 3 |
| 3 | കമ്പള | 1 |
| 4 | വിദ്യാനഗർ | 2 |
| 5 | വെള്ളരിക്കുണ്ട് | 1 |
| 6 | ഹോസ്ദുർഗ്ഗ് | 2 |
| 7 | ബേക്കൽ | 4 |
| 8 | അമ്പലത്തറ | 11 |
| 9 | നീലേശ്വരം | 1 |
| 10 | ബദിയടുക്ക | 1 |

(ബി) നിലവിൽ ഈ കേസ്സുകൾ ആരൊക്കെയാണ് അന്വേഷിക്കുന്നത്;വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത കേസ്സുകൾ അതാത് സ്റ്റേഷൻ സബ് ഇൻസ്പെക്ടർമാർ അന്വേഷിച്ചുവരുന്നു.

(സി) ഇതുവരെ ഈ കേസ്സുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇനി എത്ര പേരെ പിടികൂടാനുണ്ട് വിശദാംശങ്ങൾ അറിയിക്കാമോ;

(സി) 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്, 19 കേസ്സുകളിൽ പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റുചെയ്യേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**